**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1515** **19-01-2021 - ൽ മറുപടിയ്ക്ക്**

**ജൈവപച്ചക്കറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര ഹെക്ടറിലാണ് ജൈവപച്ചക്കറി കൃഷി ചെയ്യുന്നതെന്നും ഒരു വർഷത്തെ ശരാശരി ഉല്പാദനം എത്ര ടൺ ആണെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൽ കീഴിൽ 35125 ഹെക്ടർ സ്ഥലത്ത് പഴം, പച്ചക്കറി കൃഷിയും പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി വഴി 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയും വ്യാപിപ്പിച്ചു. 2019-20 സാമ്പത്തിക വർഷത്തെ ശരാശരി ഉല്പാദനം 24960 ടൺ ആണ്. |
| (ബി) | ജൈവപച്ചക്കറി കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് ചെയ്തുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ജൈവകാർഷിക നയത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഒാരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകിയത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുക. നിലവിൽ ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് പഴം, പച്ചക്കറി കൃഷി 35125 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ 'സേഫ് റ്റു ഈറ്റ്-കേരള ഓർഗാനിക്' എന്ന ബ്രാന്റിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷിയും ഉത്തമകൃഷിമുറകളും പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ഒരു ഇക്കോഷോപ്പ് സജ്ജമാക്കുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. നിലിവിൽ ഒരു ഇക്കോഷോപ്പിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി |

നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഇതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ മുൻവർഷം സ്ഥാപിച്ച തിരഞ്ഞെടുത്ത ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതവും നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 14 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനും മുൻവർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടും നൽകുന്നതിനും 42.70380 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഇക്കോഷോപ്പുകളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ വിഷാംശത്തിന്റെ തോത് പരിശോധിച്ച് പരിശോധനാഫലം 3 മാസത്തിൽ ഒരിക്കൽ കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കുവാനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ചെലവഴിച്ച് 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു 12480ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നു. നാളിതുവരെ 2445 PGS സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം (2020-21) പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയായ കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം (സുഭിക്ഷം സുരക്ഷിതം പദ്ധതി) (ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി) രൂപരേഖ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. പൂർണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകളിലായാണ്

| | | | |
|---|---|---|---|
| | | | (84000 ഹെക്ടർ) ടി പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 2.52 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ